## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6754** **04-04-2018 ൽ മറുപടിക്ക്**

## ഭൂമിയുടെ പട്ടയവിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭൂമിയുടെ പട്ടയവിതരണം സാധ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) സർക്കാർ റവന്യൂ പുറമ്പോക്കിലെ കൈവശക്കാർക്ക് 1964 ലെയും 1995 ലെയും കേരള ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃതമായി പട്ടയനടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു. പട്ടയവിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പട്ടയത്തിനു വേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ അടിയന്തിരമായി പതിവ് കമ്മിറ്റി കൂട്ടുകയും പതിവ് കമ്മിറ്റി അംഗീകരിക്കുന്ന കേസുകൾക്ക് പതിവ് ലിസ്റ്റ് തയ്യാറാക്കി അർഹരായവർക്ക് ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വകുപ്പുകളുടെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെ കൈവശഭൂമി സംയുക്ത പരിശോധന പൂർത്തിയാക്കി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി അർഹരായവർക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയവിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നതും, കൂടാതെ ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എല്ലാ ജില്ലകളിലും പട്ടയവിതരണം തുടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) സംസ്ഥാനത്തെ 14 ജില്ലകളിലും പട്ടയവിതരണം തുടങ്ങിയിട്ടുണ്ട്. |
| (സി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉപാധിരഹിത പട്ടയമെന്ന ദീർഘകാലമായുള്ള ആവശ്യം അംഗീകരിച്ചുവോ; | (സി) 17.08.2017 ലെ സ.ഉ (പി) നം 60/2017/റവ പ്രകാരം 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ഉപാധികളിൽ ഇളവ് വരുത്തി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കൈവശഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ച് നല്കുന്നതിന് പ്രത്യേക ഫോറങ്ങളാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | 1964 ലെ ഭൂമി പതിവ് ചട്ടപ്രകാരം കൈവശമുള്ള ഭൂമി പതിച്ചുനൽകുന്നതിന് അപ്പെൻഡിക്സ് II, കൈവശമില്ലാത്ത ഭൂമി പതിച്ചു നൽകുന്നതിന് അപ്പെൻഡിക്സ് II A എന്നീ പട്ടയഫാറങ്ങൾ 17.8.2017 ലെ സ.ഉ (പി) നം.60/2017/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഇ) | സർവീസ് ഇനാം ഭൂമിയുടെ കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിന് അപേക്ഷ നല്കാനുള്ള കാലാവധി നീട്ടിയിട്ടുണ്ടോ ; | (ഇ) | സർക്കാർ ഉത്തരവ് നമ്പർ (പി) 49/17/ആർ.ഡി. തീയതി 5.7.2017 പ്രകാരം അപേക്ഷ നൽകാനുള്ള കാലാവധി 31.12.2018 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. |
| (എഫ്) | ഇടുക്കി ജില്ലയിലെ 10 ചങ്ങല പ്രദേശത്ത് പട്ടയം നല്കുന്നതിന് സ്വീകരിച്ച നടപടികളുടെ തത്സ്ഥിതി അറിയിക്കുമോ; | (എഫ്) | ഇടുക്കി ജില്ലയിലെ 10 ചങ്ങല പ്രദേശത്ത് 1964 ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരം പട്ടയം നൽകിവരുന്നു. നാളിതുവരെ 1995 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. |
| (ജി) | പെരിഞ്ഞാം കുട്ടിയിലെ ഭൂമിപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി അർഹരായ 158 കുടുംബങ്ങൾക്കും പട്ടയം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചോ; വ്യക്തമാക്കുമോ? | (ജി) | ഇടുക്കി ജില്ലയിലെ പെരിഞ്ഞാംകുട്ടി തേക്ക് പ്ലാന്റേഷനിൽ നിന്നും കുടിയിറക്കപ്പെട്ട 158 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അർഹത പരിശോധിച്ച് ഒരു കുടുംബത്തിനു ഒരേക്കർ എന്ന പരിധിയ്ക്ക് വിധേയമായി, ഭൂമി അനുവദിക്കുന്നതിനു 08.03.2018 ലെ സ.ഉ (കൈ) നം. 96/2018/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**